14 ഊരുകളിൽനിന്നും 800 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് 80 കോടി രൂപ ചെലവ് വരുന്ന സ്വയം സന്നദ്ധതാ പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഗോളൂർ, അമ്മവയൽ, കൊറ്റങ്കര, അരാകുഞ്ചി എന്നീ കോളനികളിലെ 110 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായി. കുറിച്യാട്ട്, ഈശ്വരൻകൊല്ലി, നരിമുണ്ടകൊല്ലി എന്നീ ഊരുകളുടെ പുനരധിവാസം നടന്നു വരുന്നു. ഈ പദ്ധതിക്കായി ഇതുവരെ 1780 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളിലുള്ളവരും തമ്മിൽ നല്ല ബന്ധമാണുള്ളത്. വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളിലുള്ളവരും തമ്മിലുള്ള പരസ്പര ബന്ധം കൂടുതൽ മെച്ചപ്പെടുത്തിവരുന്നു.

ആദിവാസികളും കുടിയേറ്റ കർഷകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

263 (269) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ നിഷേധാത്മക സമീപനം കാരണം ആദിവാസികളും കുടിയേറ്റ കർഷകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ച മരങ്ങൾ പിഴുത് വീണത് ഉൾപ്പെടെ മുറിച്ച് മാറ്റുന്നതിന് വനം വകുപ്പ് തടസ്സം നിൽക്കുന്നതുമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. പാർലമെന്റും നിയമസഭയും നിർമ്മിക്കുന്ന നിയമങ്ങളും സർക്കാർ ഉത്തരവുകളും നടപ്പിൽ വരുത്തുക മാത്രമാണ് വനം വകുപ്പ് ചെയ്തിട്ടുള്ളത്. ഇത് കർഷകർക്കും ജനങ്ങൾക്കും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ നടപ്പാക്കാൻ വനം വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്.

(ബി) പിഴുതുവീണ മരങ്ങൾ വനം വകുപ്പുതന്നെ മുറിച്ചുമാറ്റി ലേലം ചെയ്യുകയാണ് ചെയ്യുന്നത്. പട്ടയം നൽകിയതിനുശേഷം കർഷകർ വച്ചുപിടിപ്പിച്ച മരങ്ങളിൽ ചന്ദനമരം ഒഴികെയുള്ളവയുടെ മേൽ സർക്കാരിനുള്ള അവകാശം ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly